നിലയ്ക്കൽ പള്ളിയ്ക്ക് സ്ഥലം വിട്ടുകൊടുക്കണമെന്ന ആവശ്യം

62 (2775) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലയ്ക്കൽ പള്ളിയ്ക്ക് വനം വകുപ്പ് സ്ഥലം വിട്ടുകൊടുത്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ ഉത്തരവിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരം ആമ്മാമുഴി-പ്ലാപ്പള്ളി മെയിൻ റോഡിൽനിന്നും പള്ളിയിലേക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കുവാനുള്ള ഉത്തരവ് നടപ്പിലാക്കേണ്ടതിന്റെ ചുമതല ആർക്കാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിലയ്ക്കലേയ്ക്കുള്ള റോഡ് പുന:രുദ്ധരിക്കുവാൻ വനം വകുപ്പ് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഇ) ഈ റോഡിന് എത്ര കി.മീ. ദൂരമുണ്ട് ;

(എഫ്) കേരളത്തിലെ മുഴുവൻ ക്രിസ്ത്യൻ ബിഷപ്പുമാരും ചേർന്നുള്ള കമ്മിറ്റിക്കുവേണ്ടി ചെയർമാൻ റോഡ് പുനരുദ്ധരിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ സർക്കാരിന് നൽകിയിട്ടുണ്ടോ ;

(ജി) ഈ റോഡിന് ഇതുവരെ വനം വകുപ്പ് എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(എച്ച്) ഈ വർഷത്തെ തീർത്ഥാടന കാലത്തിനു മുൻപ് റോഡ് പുനരുദ്ധാരണം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. 25-8-1984 ലെ ജി.ഒ. (എം.എസ്.) 257/84/എ.ഡി. പ്രകാരം നിലയ്ക്കൽ പള്ളിയ്ക്ക് ഭൂമി വിട്ടുകൊടുക്കുവാൻ ഉത്തരവായി. നിലയ്ക്കൽ പള്ളിക്കുവേണ്ടി 2.224 ഹെക്ടർ വനഭൂമി കോന്നി റിസർവിൽ നിന്നും ഡീ റിസർവ്വ് ചെയ്തിട്ടുള്ളതുമാണ്.

(സി) 1984-85 കാലഘട്ടത്തിൽ വനം വകുപ്പാണ് പ്രസ്തുത റോഡ് നിർമ്മിച്ചത്. ഈ സ്ഥിതിയ്ക്ക് പ്രസ്തുത റോഡ് സഞ്ചാര യോഗ്യമാക്കുവാനുള്ള ചുമതല വനം വകുപ്പിന് ഉണ്ട്.

(ഡി) വിവരം ശേഖരിച്ച് വരുന്നു.

(ഇ) 2280 മീറ്റർ ദൂരമുണ്ട്.

(എഫ്) ലഭിച്ചതായി കാണുന്നില്ല.

(ജി) 1984-85 നുശേഷം പ്രസ്തുത റോഡിന് വനം വകുപ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(എച്ച്) തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly